**ADFW/9747/2023 - SH2**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ,**
**കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ് , തിരുവനന്തപുരം.**
**(ഹാജർ :- അഞ്ജു .കെ.എസ് .ഐ.എ.എസ് .)**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം - അറ്റൻഡർ , ലാബ് അറ്റൻഡർ , ലാബ് അസിസ്റ്റന്റ് , സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റം - അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1. 25.2.2017 - ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ.
2. 27.2.2022- ലെ സർക്കാർ ഉത്തരവ് (സാ.ധാ ) നമ്പർ 147/22/Agri .
3. 05/ 11/ 2019 - ലെ സർക്കാർ ഉത്തരവ് (സാ ധാ )നമ്പർ .1075/ 19 / അഗ്രി .
4. 07.08.2023 - ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ ADFW/100/2023 - SA 2.
5. 21.09. 2023 - ലെ ഈ കാര്യാലയത്തിലെ ADFW /9747/ 2023 - SH 2 നമ്പർ ഉത്തരവ് .

**ഉത്തരവ് നമ്പർ ADFW/9747/2023 - SH2 തീയതി . 12/10/2023.**

പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റം SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (4) പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ SPARK മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു. ഇപ്രകാരം ബന്ധപ്പെട്ട മേലധികാരികളുടെ ശിപാർശയോടുകൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച അറ്റൻഡർ , ലാബ് അറ്റൻഡർ , ലാബ് അസിസ്റ്റന്റ് , സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളിലെ പൊതുസ്ഥലമാറ്റ അപേക്ഷകൾ SPARK മുഖേന പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത് ലഭിച്ച 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 26/09/2023 തീയതി വരെ ലഭിച്ച ആക്ഷേപങ്ങൾ / പരാതികൾ പൊതുസ്ഥലമാറ്റ

മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഗണനാർഹമായവ പരിഹരിച്ച് SPARK മുഖേന പ്രോസസ്സ് ചെയ്ത് ലഭിച്ച അറ്റൻഡർ , ലാബ് അറ്റൻഡർ , ലാബ് അസിസ്റ്റന്റ് , സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളിലെ 2023 വർഷത്തെ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ ഉത്തരവ്/ലിസ്റ്റ് വകുപ്പിന്റെ വെബ് സൈറ്റായ www.keralaagriculture.in-ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

അന്തിമ പൊതു സ്ഥലം മാറ്റ ലിസ്റ്റിൽ സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർ പകരം ജീവനക്കാർ ജോലിയ്ക്ക് ഹാജരായില്ലെങ്കിലും ഈ ഉത്തരവ് അനുസരിച്ച് നിലവിലെ ഓഫീസിൽ നിന്നും അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും ചട്ടപ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ പുതിയ സ്ഥലത്ത് ജോലിയ്ക്ക് ഹാജരാകേണ്ടതുമാണ്.ഇപ്രകാരം വിടുതൽ ചെയ്യാതിരിയ്ക്കുന്ന ജീവനക്കാർക്കെതിരെയും / ബന്ധപ്പെട്ട ഡിഡിഒ -മാർക്കെതിരെയും നടപടികൾ സ്വീകരിയ്ക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 18/10/2023 - ന് മുമ്പായി വിടുതൽ ചെയ്തുവെന്നും ചട്ടപ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചുവെന്നും ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ് /-

ANJU K S IAS

DIRECTOR

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

സ്വീകർത്താവ് ,

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
2. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും .

പകർപ്പ് :-

1. IT സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി).
2. കരുതൽ ഫയൽ .

mailed 10.45 AM
13/10/23